(സി) തിരുവനന്തപുരം-കൊട്ടാരക്കര, തിരുവനന്തപുരം-കൊല്ലം റൂട്ടിൽ സൂപ്പർ എക്സ്പ്രസ്സ് സർവ്വീസുകളുടെ ആദ്യത്തെ മൂന്ന് ഫെയർ സ്റ്റേജ് പോയിന്റുകളുടെ ദൂരം താഴെപ്പറയുന്ന പ്രകാരമാണ് :—

1. തിരുവനന്തപുരം-കൊല്ലം ഫെയർ സ്റ്റേജ്		തിരുവനന്തപുരത്തു നിന്നുള്ള ദൂരം കി. മീ.
1.	തിരുവനന്തപുരം	0.00
2.	ആറ്റിങ്ങൽ	34.4
3.	ചാത്തന്നൂർ	57.0
4.	കൊല്ലം	72.9

2. തിരുവനന്തപുരം-കൊട്ടാരക്കര ഫെയർ സ്റ്റേജ്		തിരുവനന്തപുരത്തു നിന്നുള്ള ദൂരം കി. മീ.
1.	തിരുവനന്തപുരം	0.00
2.	കിളിമാനൂർ	40.2
3.	വാളകം	62.5
4.	കൊട്ടാരക്കര	72.3

(ഡി) ഈ നിർദ്ദേശം പരിഗണനയിൽ ഇല്ല.

(ഇ) ഈ നിർദ്ദേശം പരിഗണനയിൽ ഇല്ല.

(എഫ്) ഇക്കാര്യം പരിഗണനയിൽ ഇല്ല.

മിനി ബസ്സ് പെർമിറ്റിന് ഏകീകൃത നിയമം

89 [2861] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര മിനി ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ ബസ്സുകളിൽ എത്ര പേർ ജോലി ചെയ്തുവരുന്നുണ്ട് എന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) 7500 കിലോഗ്രാമിൽ താഴെയുള്ള മിനി ബസ്സുകൾക്ക് സർവ്വീസ് നടത്തുന്നതിന് സംസ്ഥാനത്ത് നിരോധനമേർപ്പെടുത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ഡി) 7500 കിലോഗ്രാമിൽ താഴെ തൂക്കമുള്ള മിനി ബസ്സുകൾ കെ. എസ്. ആർ. ടി. സി. ഉപയോഗിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) 23-2-2004-ന് ചേർന്ന കോഴിക്കോട് ആർ. ടി. എ. യോഗം മിനി ബസ്സ് സർവ്വീസ് നടത്തുന്നതുമായി ബന്ധപ്പെട്ട എന്തെങ്കിലും തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(എഫ്) എസ്. ടി. എ. തീരുമാനപ്രകാരം 4 ചക്ര മിനിബസ്സുകൾ 6 ചക്ര മിനി ബസ്സുകളാക്കി മാറ്റിയിട്ടും, കോഴിക്കോട് ഇത്തരം മിനി ബസ്സുകൾക്ക് പെർമിറ്റ് പുതുക്കിക്കൊടുക്കുന്നില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ഇങ്ങനെ പെർമിറ്റ് പുതുക്കിക്കൊടുക്കാത്ത എത്ര മിനി ബസ്സുകൾ സംസ്ഥാനത്തുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(എച്ച്) ഇത്തരം മുഴുവൻ മിനി ബസ്സുകൾക്കും പെർമിറ്റ് പുതുക്കിക്കൊടുക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

(ഐ) ഈ വിഷയത്തിൽ ബഹു. ഹൈക്കോടതിയുടെ നിർദ്ദേശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജെ) ബഹു. ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ എടുത്ത നടപടി വിശദമാക്കുമോ;

(കെ) മിനി ബസ്സുകൾക്ക് പെർമിറ്റ് പുതുക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ നിയമമാണ് നിലനിൽക്കുന്നത് എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(എൽ) ഇത് ഏകീകരിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ഉത്തരം

(എ) 2019.

(ബി) ഉദ്ദേശം 7423.

(സി) വയനാട്, കോഴിക്കോട് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾ 7500 കി.ഗ്രാമിന് താഴെയുള്ള സ്റ്റേജ് കാര്യേജുകൾക്ക് പെർമിറ്റ് നൽകേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്.

(ഇ) ഉണ്ട്. 7500 കിലോഗ്രാം വരെ രജിസ്റ്റേർഡ് ലേഡൻ വെയിറ്റ് ഉള്ള ലൈറ്റ് മോട്ടോർ വാഹന സ്റ്റേജ് കാര്യേജുകളുടെ അൻലേഡൻ വെയിറ്റ് രജിസ്റ്റേർഡ് ലേഡൻ വെയിറ്റ്, ടയർ സൈസ് പാസഞ്ചർ കപ്പാസിറ്റി മുതലായ സാങ്കേതിക വശങ്ങളെപ്പറ്റി പഠിച്ചതിൽ ഇത്തരം വാഹനങ്ങളിൽ ആളുകൾ കയറിക്കഴിയുമ്പോൾ യാത്രക്കാരുടെ ഉൾപ്പെടെയുള്ള വാഹനത്തിന്റെ മൊത്തം ഭാരം ആ വാഹനത്തിന് അനുവദിക്കപ്പെട്ടിട്ടുള്ള രജിസ്റ്റേർഡ് ലേഡൻ വെയിറ്റിനേക്കാളും കൂടുതൽ ആകുന്നുണ്ട് എന്നും, ആയത് പൊതുജന സുരക്ഷയ്ക്ക് ഭീഷണിയാകുന്നു എന്നും കാണുക യുണ്ടായി. ഇത്തരം വാഹനങ്ങളുടെ അപകടതോത് കൂടി കണക്കിലെടുക്കുകയും ആയതിൽ പ്രകാരം 7500 കിലോഗ്രാം വരെ രജിസ്റ്റേർഡ് ലോഡൻ വെയിറ്റുള്ള വാഹനങ്ങൾക്ക് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി സ്റ്റേജ് വാഹന പെർമിറ്റുകൾ നൽകേണ്ടതില്ല എന്ന് തീരുമാനിക്കുകയും ചെയ്തു.

1. 31-3-2004-ന് ശേഷം ലൈറ്റ് മോട്ടോർ വാഹനങ്ങൾക്ക് സ്റ്റേജ് ക്യാരേജ് വാഹന പെർമിറ്റ് നൽകുന്നതല്ല.

2. നിലവിലുള്ള ലൈറ്റ് മോട്ടോർ വെഹിക്കിൾ, സ്റ്റേജ് കാര്യേജുകൾ, പെർമിറ്റ് കാലാവധി തീരുന്ന ദിവസമോ, അതിനു മുമ്പോ കാലാവധി തീരുന്ന തീയതിക്ക് 6 മാസത്തിനുള്ളിൽ മീഡിയം/ ഹെവി സ്റ്റേജ് വാഹനങ്ങൾ കൊണ്ടു റിപ്ലേയ്സ് ചെയ്യണമെന്നും മേല്പടി കാലാവധിക്ക് താൽക്കാലിക പെർമിറ്റ് നൽകുന്നതാ ണെന്നും തീരുമാനിച്ചു.

(എഫ്) എസ്. ടി. എ. ഇപ്രകാരം തീരുമാനമെടുത്തില്ല. എന്നാൽ കോഴിക്കോട് ആർ. റ്റി. ഒ. ഇത്തരം മിനി ബസ്സുകൾക്ക് പെർമിറ്റ് പുതുക്കി നൽകേണ്ട തില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്.

(ജി) കോഴിക്കോട് - 8, വടകര - 10, വയനാട് - 03.

(എച്ച്) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ഐ) ഉണ്ട്.

(ജെ) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(കെ) ഉണ്ട്.

(എൽ) ഏകീകൃത തീരുമാനം എടുക്കണമെന്ന് ഹൈക്കോടതി സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു. ആയത് പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly